# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5885 09.07.2012 ൽ -മറുപടിക്ക്

### സിവിൽസപ്ലൈസ് ഹോൾ സെയിൽ ഡിപ്പോകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിലേയ്ക്ക് ധാന്യങ്ങൾ വിതരണം ചെയ്യുന്ന സിവിൽ സപ്ലൈസ് ഹോൾസെയിൽ ഡിപ്പോകൾ നിലവിൽ മിക്ക താലൂക്കുകളിലും നഗരങ്ങളിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റേഷൻ മൊത്ത വ്യാപാര ഡിപ്പോകൾ നഗര പ്രദേശത്ത് മാത്രമല്ല ഗ്രാമ പ്രദേശത്തും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ഡീസൽ/പെട്രോൾ വില കണക്കിലെടുത്ത് ചരക്ക് കടത്തിനുള്ള അദ്ധ്വാനം ചരക്കുകൂലി എന്നിവ ക്രമീകരിക്കുന്നതിനായി നിലവിലുള്ള ഡിപ്പോകൾ രണ്ടോ മൂന്നോ പഞ്ചായത്തുകൾക്കിടയിൽ ഒന്ന് എന്ന രീതിയിൽ വികേന്ദ്രീകരിച്ച് പുനഃസ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | റേഷൻ കടകളിൽ പലയിടങ്ങളിലും എണ്ണ, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ നൽകുന്നതിന് ശാസ്ത്രീയമായ അളവ് തൂക്ക സംവിധാനങ്ങൾ ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംവിധാനങ്ങൾ ഇല്ലാത്തത് കാരണം പൊതുജനങ്ങൾക്ക് അവർക്ക് ലഭിക്കേണ്ടുന്ന സാധനങ്ങൾ കൃത്യമായി അളവിൽ ലഭിക്കാതിരിക്കുന്ന സാഹചര്യം ഗൗരവത്തോടെ കണ്ട് പരിഹാരനടപടികൾ സ്വീകരിക്കുമോ; | (സി) | ലീഗൽ മെട്രോളജി വകുപ്പിന്റെ അംഗീകാരമുള്ള അളവുതൂക്ക സംവിധാനങ്ങൾ എല്ലാ റേഷൻകടകളിലും ഉണ്ട്. തൂക്കിക്കൊടുക്കുന്നതിന് ഇലക്ട്രോണിക് ത്രാസ് നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കാർഡ് ഉടമകൾ കാണത്തക്ക സ്ഥലത്ത് പ്രദർശിപ്പിക്കണം എന്നും, കാർഡ് ഉടമകളെ അളവുതൂക്കങ്ങൾ ബോദ്ധ്യപ്പെടുത്തണം എന്നും വ്യവസ്ഥയുണ്ട്. |
| (ഡി) | റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ധാന്യങ്ങളുടെ വിതരണം സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും കേൾക്കാൻ താലൂക്ക്തലത്തിൽ അദാലത്ത്/പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്താൻ തയ്യാറാവുമോ ? | (ഡി) | പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് പരിഹാരം കാണുന്നതിലേക്ക് പഞ്ചായത്തു തലത്തിലും, കോർപ്പറേഷൻ/മുൻസിപ്പൽ/ താലൂക്ക് തലത്തിലും ഭക്ഷ്യ ഉപദേശക/ വിജിലൻസ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ